**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4194** **09-08-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റാറ്റ്യൂട്ടറി പെൻഷനിലേയ്ക്ക് മാറിയ ഹയർസെക്കണ്ടറി ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2010-ൽ മലബാർ മേഖലയിൽ എത്ര ഹയർസെക്കണ്ടറി സ്കൂളുകളും ഇതിൽ എത്ര അദ്ധ്യാപകരുടെയും ലാബ് അസിസ്റ്റന്റുമാരുടെയും തസ്തികകളും അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 20.07.2010 -ലെ ജി.ഒ.(എം.എസ്) നം.128/10/ പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലയിലും മലബാർ മേഖലയിലെ ആറ് ജില്ലകളിലുംപെട്ട 178 സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിൽ പുതുതായി ഹയർ സെക്കണ്ടറി കോഴ്സ് അനുവദിച്ച് ഉത്തരവായിരുന്നു. ആയതിൽ മലബാർ മേഖലയിൽ 141 ഹയർ സെക്കണ്ടറി സ്കൂളുകൾ ഉൾപ്പെട്ടിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലും മലബാർ മേഖലയിലും സൃഷ്ടിക്കപ്പെട്ട അദ്ധ്യാപക, ലാബ് അസിസ്റ്റന്റ് തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. Total No. of Post created HSST (Jr) - 2102 HSST - 141 Principal - 146 Lab Assistant - 272 Upgradation of HSST (Jr) to HSST - 1234 Upgradation of HSST to Principal - 27 |
| (ബി) | പുതിയതായി ഹയർസെക്കണ്ടറി സ്കൂൾ അനുവദിക്കുമ്പോൾ എപ്പോഴാണ് അദ്ധ്യാപകരുടെയും ലാബ് അസിസ്റ്റന്റുമാരുടെയും തസ്തിക അനുവദിക്കേണ്ടതെന്നും, എപ്പോഴാണ് അവ അനുവദിച്ചതെന്നും വ്യക്തമാക്കാമോ; | (ബി) | ജൂനിയർ തസ്തികകൾ അനുവദിച്ചത് ഒന്നാം വർഷവും, സീനിയർ തസ്തികകളും ലാബ് അസിസ്റ്റന്റ് തസ്തികകളും അനുവദിച്ചത് രണ്ടാം വർഷവുമാണ്. സ.ഉ (എം.എസ്) നം.168/2011/ പൊ.വി.വ തീയതി 06.08.2011, സ.ഉ.(എം.എസ്) നം.211/2011 തീയതി 24.10.2011, സ.ഉ. (എം.എസ്) നം76/2013//പൊ.വി.വ തീയതി 23.02.2013, സ.ഉ(എം.എസ്) നം.165/2013/ പൊ.വി.വ തീയതി 15.05.2013 എന്നിവ പ്രകാരമാണ് തസ്തികകൾ അനുവദിച്ചത്. |
| (സി) | ഈ സ്കൂളുകളിൽ പിന്നീട് അഡീഷണൽ ബാച്ചുകൾ അനുവദിച്ചിട്ടുണ്ടോയെന്നും, ഈ ബാച്ചുകളിൽ തസ്തിക അനുവദിച്ചത് എപ്പോഴാണെന്നും വ്യക്തമാക്കുമോ; | (സി) | അഡീഷണൽ ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്. 31.08.2013-ലെ ജി.ഒ.(എം.എസ്)നം.246/2013/ പൊ.വി.വ, 01.02.2014-ലെ സ.ഉ.(എം.എസ്)നം. 26/2014/പൊ.വി.വ, 05.08.2013-ലെ സ.ഉ. (എം.എസ്) നം.226/2013/പൊ.വി.വ, 15.07.2013-ലെ സ.ഉ.(എം.എസ്)നം.211/2013/ |

| | | | |
|---|---|---|---|
| | | | പൊ.വി.വ, 23.10.2020-ലെ ജി.ഒ.(എം.എസ്)നം.166/2020/ പൊ.വി.വ, 20.08.2019-ലെ ജി.ഒ.(എം.എസ്) നം. 125/2019/ പൊ.വി.വ, 06.02.2019-ലെ സ.ഉ.(കൈ) നം.14/2019/പൊ.വി.വ, 17.10.2018-ലെ സ.ഉ.(കൈ) നം.153/2018/പൊ.വി.വ, 21.08.2017-ലെ സ.ഉ.(കൈ) നം.106/2017/പൊ.വി.വ എന്നീ ഉത്തരവുകൾ പ്രകാരമാണ് തസ്തികകൾ അനുവദിച്ചിട്ടുള്ളത്. |
| (ഡി) | ഈ സ്കൂളുകളിലെ അദ്ധ്യാപകർ , ലാബ് അസിസ്റ്റന്റുമാർ എന്നിവരിൽ എത്രപേർ സ്റ്റാറ്റ്യൂട്ടറി, കോൺട്രിബ്യൂട്ടറി പെൻഷനുകളിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ഡി) | സ്റ്റാറ്റ്യൂട്ടറി പെൻഷൻ - 1154 കോൺട്രിബ്യൂട്ടറി പെൻഷൻ - 539 |
| (ഇ) | കോടതി ഉത്തരവിലൂടെ സ്റ്റാറ്റ്യൂട്ടറി പെൻഷനിലേയ്ക്ക് മാറിയ ജീവനക്കാർ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ; കോടതി ഉത്തരവ് ഉണ്ടായിട്ടും, സ്റ്റാറ്റ്യൂട്ടറി പെൻഷനിലേയ്ക്ക് മാറിയിട്ടും കോൺട്രിബ്യൂട്ടറി പെൻഷനിലേയ്ക്ക് തുക ഈടാക്കുന്ന എത്ര ജീവനക്കാർ ഉണ്ട് എന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം കിട്ടിയിട്ടുണ്ടോ; | (ഇ) | കോടതി ഉത്തരവിലൂടെ സ്റ്റാറ്റ്യൂട്ടറി പെൻഷനിലേക്ക് മാറിയ ജീവനക്കാർ - 36 സ്റ്റാറ്റ്യൂട്ടറിയിലേക്ക് മാറിയിട്ടും കോൺട്രിബ്യൂട്ടറി പെൻഷനിലേക്ക് തുക ഈടാക്കുന്ന ജീവനക്കാർ - 62 |
| (എഫ്) | കോടതി ഉത്തരവിലൂടെ സ്റ്റാറ്റ്യൂട്ടറി പെൻഷനിലേയ്ക്ക് മാറിയ ജീവനക്കാർക്ക് നീതി നടപ്പാക്കാൻ സർക്കാർ നടപടി എവിടെവരെയായെന്ന് അറിയിക്കുമോ? | (എഫ്) | സ.ഉ(സാധാ)നം.3181/2020/പൊ.വി.വ തീയതി 29.11.2020 പ്രകാരം, സ.ഉ.(എം.എസ്) നം. 76/2013/പൊ.വി.വ തീയതി 23.02.2013 പ്രകാരം സൃഷ്ടിച്ച ജീവനക്കാരെ എൻ.പി.എസ്-ൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. അതോടൊപ്പം തന്നെ, പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പങ്കാളിത്ത പെൻഷൻ സ്കീമിലേക്ക് പിടിച്ച തുക 23.08.2016-ലെ സ.ഉ.(പി)നം. 120/2016/ ഫിൻ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയ നടപടികൾ സ്വീകരിച്ച് തിരികെ നല്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ